## കക്ക് കളി



മുറ്റത്ത് പത്തടി നീളവും നാലടി വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക. രണ്ടടി വീതിയിൽ ചതുരം നീളത്തിൽ ഭാഗിക്കുക. കുറുകെ രണ്ടടി നീളത്തിൽ കളങ്ങൾ ഭാഗിക്കുക. രണ്ട് ഭാഗങ്ങളിലായി അഞ്ച് കള്ളികൾ ലഭിക്കും. കളങ്ങളുടെ എണ്ണം നീളം വീതി എന്നിവ ഇഷ്ടംപോലെ മാറ്റാം. രണ്ടോ അതിലധികമോ കുട്ടികൾ കളിക്കുന്ന കളിയാണിത്. പരന്ന ചെറിയ കല്ലുകൾ, ഓടിന്റെ കഷ്ണം എന്നിവയാണ് കളിക്കുവേണ്ട മറ്റൊരു വസ്തു. ഒരു കുട്ടി കളത്തിന് പുറത്തുനിന്നും കല്ല്/ഓട് കഷ്ണം ഒന്നാമത്തെ കളത്തിലിടുന്നു. ഒറ്റക്കാലിൽ ചാടി അത് മറുപുറത്തേയ്ക്ക് ഒറ്റക്കാലുകൊണ്ട് തട്ടിത്തെറിപ്പിക്കണം. ഒന്നിൽക്കൂടുതൽ പ്രാവശ്യം തെറിപ്പിക്കാനവസരമുണ്ട്. അതിനിടയിൽ മറ്റേ





കാൽ നിലത്ത് തൊടരുത്. പക്ഷേ തെറിപ്പിക്കുമ്പോൾ ഇടയിലുള്ള വാ കളിൽ വന്നുനിൽക്കാൻ പാടില്ല. കളിക്കിടയിൽ വിശ്രമത്തിന് ഒരു കള്ളിയുണ്ടാവും. കളിക്കുന്ന ആൾ വര സ്പർശിക്കാനും പാടില്ല. പുറത്തുചാടിച്ച കല്ലുകഷ്ണത്തിന്റെ മുകളിലേയ്ക്ക് കളിക്കുന്ന ആൾ ചാടിതൊടണം. ഈ നിയമം പാലിച്ചില്ലെങ്കിൽ ഊഴം കഴിഞ്ഞു. അടുത്തത് രണ്ടാമത്തെ കുട്ടി. ഇങ്ങനെ എത്ര പേരുണ്ടോ അത്രയും കഴിഞ്ഞശേഷം ഒന്നാമത്തെ കുട്ടിയുടെ ഊഴമാണ്. ഒന്നാമത്തെ കുട്ടി ഒന്നാമത്തെ കള്ളിയിൽ നിന്നും വിജയകരമായി കക്ക് തെറിപ്പിച്ചിട്ടുണ്ടെങ്കിൽ കളി തുടരാം. പിന്നെ രണ്ട്, മൂന്ന്, ........ കുട്ടികളിലും ഇതാവർത്തിക്കണം. എല്ലാ കള്ളികളിലും പൂർത്തിയാക്കുന്നയാൾ പുറംതിരിഞ്ഞുനിന്ന് പിന്നിലേയ്ക്ക് കക്ക് ഇടണം. ഇതും തെറിപ്പിക്കണം. ഒറ്റക്കാലിന്റെ പടത്തിൽ കക്ക് വെച്ച് ചാടിക്കടക്കണം. നെറ്റിയിൽ കക്ക് വെച്ച് മുകളിലേയ്ക്ക് നോക്കി രണ്ട് ഭാഗത്തെ കള്ളികളിലും ഓരോ കാൽ വെച്ച് വര തൊടാതെ, നെറ്റിയിലെ കക്ക് വീഴാതെ മറുപുറത്തെത്തണം. ഇത്രയുമാകുമ്പോഴാണ് കളിയിൽ വിജയിക്കുക. കുട്ടിക്കാലത്ത് ഏറെ കളിച്ചിരുന്നതിനാലാണ് ഇതിനോട് ഇത്രയും ഇഷ്ടം തോന്നുന്നത്.